ശ്രീ. വി. സി. കബീർ : ഇപ്രാവശ്യത്തെ ബഡ്ജറ്റിലും അപ്രോപ്രിയേഷനിലും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നിർമ്മാണം സമ്പൂർണ്ണമായി പൂർത്തിയാക്കി അതിനകത്തുള്ള പ്രസവ വാർഡ് മാറ്റാനുള്ള ഏർപ്പാടിന് ഗവൺമെന്റ് സത്വരമായി ശ്രമിച്ചു വരികയാണ്. 2000-ാമാണ്ടിൽ അത് പൂർത്തിയാക്കും.

തിരുത്ത്

മുഖ്യമന്ത്രി (ശ്രീ ഇ. കെ. നായനാർ) : സർ, 13-12-1999 ലെ നക്ഷത്ര ചിഹ്നമിടാത്ത 34-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നു കൂടിയിരുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആയുർവേദ ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിന് നടപടി

6 (*595) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. പി. സി. ജോർജ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആയുർവേദത്തിൽ സ്പെഷ്യലൈസേഷൻ കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വിദേശരാജ്യങ്ങളിൽ ആയുർവേദ ചികിത്സയെപ്പറ്റി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ആയുർവേദം കമ്പോളവൽക്കരിക്കപ്പെടുമ്പോഴുണ്ടാവുന്ന ദുഷ്യഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ?

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ആയുർവേദ ചികിത്സാരംഗം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ സ്വീകരിച്ചു വരുന്നു.

1. ഗ്രാമീണ ഡിസ്പെൻസറികൾ സ്ഥാപിക്കുക.
2. ആയുർവേദ ഡിസ്പെൻസറികൾ 20 കിടക്കയോടുകൂടിയ ആശുപത്രിയായി ഉയർത്തൽ.
3. താലൂക്ക് ആശുപത്രികൾ
4. ആയുർവേദ ആശുപത്രികൾ ജില്ലാ ആശുപത്രികളായി ഉയർത്തൽ

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുറക്കുന്നതിനായി താഴെപ്പറയും പ്രകാരം പ്രത്യേക സ്കീം തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരികയാണ്. ജില്ലാ ആശുപത്രികളിലെ മർമ്മ പഞ്ചകർമ്മ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുക എന്നുള്ളതൊക്കെയാണ് ഈ വകുപ്പിന്റെ ലക്ഷ്യം. സ്പെഷ്യലൈസേഷൻ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി ആയുർവേദ കോളേജുകളിൽ ഡിപ്പാർട്ടുമെന്റ് സിസ്റ്റം ഏർപ്പെടുത്തുകയും, പി.ജി.കോഴ്സ് ഇല്ലാത്ത വിഭാഗങ്ങളിലേക്ക് പി. ജി. കോഴ്സ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിദേശ രാജ്യങ്ങളിൽ ആയുർവേദ ചികിത്സയെപ്പറ്റി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പ്രത്യേകം നടപടികൾ ഒന്നും ഈ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

തിരുവിതാംകൂർ - കൊച്ചി മെഡിക്കൽ ആക്ട് ഭേദഗതി ചെയ്യാൻ നടപടി

7 (*596) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953 - ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ നിയമം ഭേദഗതി ചെയ്യുന്നതുകൊണ്ട് കേരളത്തിൽ ആയുർവേദ ചികിത്സാ രംഗം നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഐ. എം. സി. സി. ആക്ട് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly